പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3989 — 21.10.2016-ലെ മറുപടിയ്ക്ക്

# തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള തസ്തികകളെ കോമൺ സർവ്വീസായി സംയോജിപ്പിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അനിൽ അക്കര | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ തസ്തികകളെ കോമൺ സർവ്വീസായി സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;<br><br>(ബി) ഇത് പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്; വിവരിക്കുമോ;<br><br>(സി) തദ്ദേശസ്വയംഭരണ വകുപ്പിലെ ഇപ്പോഴുള്ള എൻജിനീയറിംഗ് വിഭാഗത്തിന് എന്തെല്ലാം മാറ്റങ്ങളാണ് ഇതനുസരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ? | (എ), (ബി) & (സി) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ തസ്തികകളെ കോമൺ സർവ്വീസായി സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. ഇതിനുള്ള കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. പൊതു സർവ്വീസ് നിലവിൽ വരുമ്പോൾ വിവിധ വിഭാഗം ജീവനക്കാർക്ക് ഉണ്ടാകാൻ സാധ്യതയുള്ള പ്രായോഗിക പ്രശ്നങ്ങൾ, ഓരോ വിഭാഗത്തേയും എങ്ങനെ ബാധിക്കും തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച്, സർവ്വീസ് സംഘടനാ പ്രതിനിധികളുമായി കൂടിയാലോചിച്ച്, കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

Beena

സെക്ഷൻ ഓഫീസർ